# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :1062

12-07-2016 ൽ മറുപടിയ്ക്ക്

## നെല്ലിന്റെ സംഭരണ വില

**ചോദ്യം**

ശ്രീ.കെ. കൃഷ്ണൻകുട്ടി
ശ്രീ.സി.കെ.നാണു
ശ്രീ.തോമസ് ചാണ്ടി
ശ്രീ. കോവൂർ കുഞ്ഞുമോൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഉല്പാദന ചെലവിനനുസൃതമായി നെല്ലിന്റെ സംഭരണ വില ഉയർത്തുന്നത് പരിഗണനയിലുണ്ടോ; | (എ) | നെൽകൃഷിയുടെ ഉല്പാദനച്ചെലവ് വർദ്ധിച്ചു വരുന്നതുമൂലം സംസ്ഥാന സർക്കാർ നെല്ലിന്റെ സംഭരണ വില ഉയർത്തി നൽകി വരുന്നു. നിലവിൽ കിലോഗ്രാമിന് 21.50 രൂപ നിരക്കിലാണ് സംസ്ഥാന സർക്കാർ നെല്ലു സംഭരിക്കുന്നത്. |
| (ബി) | ഇപ്പോൾ നെല്ലിന്റെ ഉല്പാദന ചെലവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര; | (ബി) | വകുപ്പിലെ ലഭ്യമായ കണക്കുകൾ പ്രകാരം നെൽകൃഷിയുടെ 2013-14 ലെ ഉല്പാദന ചെലവ് ഹെക്ടറിന് 53142 രൂപയാണ്. ഉല്പാദനോപാധികളുടെ വിലയിലും തൊഴിലാളികളുടെ കൂലിയിലും ഉണ്ടാകുന്ന വർദ്ധനവ് ആനുപാതികമായി ഉല്പാദന ചെലവിൽ ഓരോ വർഷവും ഏകദേശം 10 മുതൽ 15 ശതമാനം വരെ വർദ്ധനവ് കണക്കാക്കാവുന്നതാണ്. |
| (സി) | ഈ വർഷത്തെ ഒന്നാം വിളയ്ക്ക് ബാധകമാകുന്ന വിധത്തിൽ സംഭരണ വില ഉയർത്തുന്നതിന് നടപടികളെടുക്കുമോ? | (സി) | നെല്ലിന്റെ സംഭരണവില കിലോഗ്രാമിന് 19 രൂപ എന്നത് 21.50 രൂപയായി വർദ്ധിപ്പിച്ചിരുന്നു. നടപ്പ് വർഷം സംഭരണ വില ഉയർത്തുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ